നം.2147/ഇ.ജി.എസ്.ഇ/19/ആർ.ഇ.ജി.എസ്. തീയതി: 18.11.2019

## സർക്കുലർ

വിഷയം:- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)- ജില്ലാതല ക്വാളിറ്റി മോണിറ്റർ - നിയമനം - സംബന്ധിച്ച്.

സൂചന:- കേന്ദ്ര സർക്കാർ 2019-20ൽ പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലറിലെ ഖണ്ഡിക 7.12-ലെ നിർദ്ദേശം.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ പ്രവൃത്തി നിർവ്വഹണം മെച്ചപ്പെട്ട രീതിയിൽ ചിട്ടയായും സമയബന്ധിതമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും, സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും നിർമ്മാണത്തിൽ സ്വീകരിക്കേണ്ട സാങ്കേതിക ഘടകങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനും പരിമിതമായ വിഭവമുപയോഗിച്ച് പരമാവധി നേട്ടം സൃഷ്ടിക്കപ്പെടുന്നുവെന്നും ഉറപ്പാക്കുന്നതിനുമായി സംസ്ഥാന-ജില്ലാ തലങ്ങളിൽ ക്വാളിറ്റി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ തലത്തിൽ ക്വാളിറ്റി മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ (ഡി.പി.സി.) മാരെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

- ഓരോ ജില്ലയിലും 10 പേരടങ്ങുന്ന ഒരു ക്വാളിറ്റി മോണിറ്ററിംഗ് ടീമിനെ ഒരു വർഷക്കാലത്തേക്ക് ഡി.പി.സി.മാർ എം.പാനൽ ചെയ്ത് ചുമതലപ്പെടുത്തേണ്ടതാണ്.

  യോഗ്യത: തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ, പൊതുമരാമത്ത്, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സിവിൽ/അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത തസ്തികകളിൽ നിന്നും വിരമിച്ചവർ.

  പ്രായം: 65 വയസ്സിൽ താഴെ

നിയമന രീതി: ഡി.പി.സി.മാർ ജില്ലാ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഓഫീസർ മുഖേന പത്രവാർത്ത നൽകി അപേക്ഷ ക്ഷണിച്ച് നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി എം.പാനൽ ചെയ്യാവുന്നതാണ്.

വേതനം: ഒരു ദിവസത്തെ സൈറ്റ് വിസിറ്റിന് യാത്രാചെലവ് ഉൾപ്പെടെ 1425 രൂപ എന്ന പ്രതിദിന വേതന നിരക്കിൽ ഒരു മാസം പരമാവധി 21,375 രൂപ. (G.O.(P) No.81/2019/Fin തീയതി 09.07.2019 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ ദിവസ വേതനമായ 1425/- രൂപ പ്രതിദിന ബത്തയാക്കി കണക്കാക്കി നൽകാം). ഇതിലേക്കാവശ്യമായ തുക ജില്ലയിൽ ലഭ്യമായ ഭരണച്ചെലവിനത്തിൽ നിന്നും വഹിക്കേണ്ടതാണ്.

- ജില്ലാ ക്വാളിറ്റി മോണിട്ടർമാരായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ഡി.പി.സി./ജെ.പി.സി.മാരുടെ പൂർണ്ണ നിയന്ത്രണത്തിലാവും പ്രവർത്തിക്കേണ്ടത്. ഇവർ ഡി.പി.സി./ജെ.പി.സി. ചുമതലപ്പെടുത്തുന്ന സ്ഥലങ്ങളിൽ പരിശോധന നടത്താൻ ബാധ്യസ്ഥരായിരിക്കും.
- പരിശോധന നടത്തേണ്ട ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് ഡി.പി.സി./ജെ.പി.സി. ക്വാളിറ്റി മോണിട്ടർമാരെ അറിയിക്കേണ്ടതാണ്.
- ജില്ലയിൽ നടക്കുന്ന പ്രവൃത്തികളുടെ 10% ക്വാളിറ്റി മോണിട്ടർമാർ പരിശോധിച്ചിട്ടുണ്ട് എന്ന് ഡി.പി.സി./ജെ.പി.സി. ഉറപ്പ് വരുത്തണം.
- 10% പ്രവൃത്തികൾ തെരഞ്ഞെടുക്കുമ്പോൾ 3 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന പ്രവൃത്തികൾക്കും, 5 ലക്ഷം രൂപയ്ക്ക് മുകളിൽ ചെലവ് വരുന്ന മേസണറി പ്രവൃത്തികൾക്കും മുൻഗണന നൽകണം.
- പരിശോധിക്കപ്പെടുന്ന പ്രവൃത്തികളുടെ നിർമ്മാണം നടക്കുമ്പോഴും, നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷവുമുള്ള ഘട്ടങ്ങളിൽ പരിശോധന നടത്തേണ്ടതാണ്.
- മാസത്തിൽ കുറഞ്ഞത് 10 ദിവസമെങ്കിലും പരമാവധി 15 ദിവസംവരെ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ഡി.പി.സി./ജെ.പി.സിക്ക് നൽകേണ്ടതാണ്.
- ക്വാളിറ്റി മോണിട്ടർമാരുടെ റിപ്പോർട്ടിൽ കണ്ടെത്തുന്ന ന്യൂനതകളും ശിപാർശകളും ജെ.പി.സി.മാർ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തുകളെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾ അതിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- ക്വാളിറ്റി മോണിട്ടർമാരുടെ റിപ്പോർട്ടിന്റെ ഫലപ്രാപ്തി എം.ഐ.എസ്.ൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി ഡി.പി.സി./ജെ.പി.സി.മാർ സ്വീകരിക്കേണ്ടതാണ്.
- ക്വാളിറ്റി മോണിട്ടർമാർക്ക് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ സ്റ്റേഷണറി സാധനങ്ങളും, മറ്റ് അനുബന്ധ സൗകര്യങ്ങളും ബന്ധപ്പെട്ട ബി.പി.ഒ.മാർ ലഭ്യമാക്കേണ്ടതാണ്.

ജില്ലാതല ക്വാളിറ്റി മോണിട്ടറിംഗ് ടീമിനെ 2019 ഡിസംബർ 10ന് മുന്നേ എംപാനൽ ചെയ്യപ്പെടുംവിധം നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

മിഷൻ ഡയറക്ടർ.

പകർപ്പ്: എല്ലാ ഡി.പി.സി.മാർക്കും
ഗ്രാമവികസന കമ്മീഷണർക്ക് (അറിവിലേക്ക്)
പഞ്ചായത്ത് ഡയറക്ടർക്ക് (അറിവിലേക്ക്)
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ബി.പി.ഒ.മാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും